# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നം. *47 – 29/05/2019 - ലെ മറുപടിക്ക്

## സർഫാസി നിയമപ്രകാരമുള്ള ജപ്തി നടപടികൾ

ചോദ്യം

ഉത്തരം

ശ്രീ.പി.ടി.എ. റഹീം
പ്രൊഫ.കെ.യു. അരുണൻ
ശ്രീ. ജെയിംസ് മാത്യു
ശ്രീ. ഐ.ബി. സതീഷ്

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | 2002-ൽ കേന്ദ്രസർക്കാർ കൊണ്ടുവന്ന സർഫാസി നിയമം വൻകിട കുത്തകകളിൽ നിന്നുള്ള കിട്ടാക്കടം തിരിച്ചു പിടിക്കുന്നതിൽ പരാജയപ്പെട്ടെങ്കിലും സംസ്ഥാനത്തെ വാണിജ്യ ബാങ്കുകളിൽ വലിയൊരു പങ്ക് യുക്തിസഹമല്ലാതെ ചെറുകിട കർഷകർക്കും കച്ചവടക്കാർക്കും എതിരെ ഈ നിയമം പ്രയോഗിക്കുന്നതു കൊണ്ടുണ്ടാകുന്ന ഗുരുതര പ്രത്യാഘാതം പരിശോധിച്ചിട്ടുണ്ടോ; | സർഫാസി നിയമം കിട്ടാക്കടം തിരിച്ചുപിടിക്കുന്നതിനായി കേന്ദ്രസർക്കാർ കൊണ്ടുവന്ന ഒരു നിയമനിർമ്മാണമായതിനാൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് ഇടപെടാൻ പരിമിതികളുണ്ട്. എന്നിരുന്നാലും പ്രസ്തുത നിയമം സംസ്ഥാനത്ത് നടപ്പാക്കി വരുന്നതിലുള്ള പ്രയാസകരമായ സവിശേഷ സാഹചര്യം സംസ്ഥാന സർക്കാർ മനസിലാക്കിയിട്ടുണ്ട്. ഇതിന്റെ കൂടി പശ്ചാത്തലത്തിലാണ് സർഫാസി നിയമത്തിന്റെ പരിധിയിൽ നിന്ന് 5 സെന്റിൽ കവിയാത്ത ഭൂമിയും വീടും ഉള്ളവരെ ഒഴിവാക്കുന്നതിനായി കേന്ദ്രസർക്കാരിനോട് കേരള നിയമസഭ 2017 ആഗസ്റ്റ് 21 ലെ പ്രമേയം മുഖേന ഏകകണ്ഠമായി ആവശ്യപ്പെട്ടിട്ടുള്ളത്. ടി പ്രമേയം അനുഭാവപൂർവ്വം പരിഗണിച്ച് സർഫാസി നിയമത്തിലെ 31 -ാം വകുപ്പ് ഭേദഗതി ചെയ്യണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ട് കേന്ദ്ര ധനമന്ത്രാലയത്തിന് 20.11.2017 ന് സംസ്ഥാന സർക്കാർ കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ കുറേക്കൂടി ഉദാരമായ സമീപനം സ്വീകരിക്കണമെന്ന് സംസ്ഥാന സർക്കാർ നിരന്തരം ബാങ്കുകളോടും സംസ്ഥാനതല ബാങ്കിംഗ് സമിതിയോടും ആവശ്യപ്പെടാറുണ്ട്. ബാങ്കുകളിൽ നിന്നും വായ്പയെടുത്ത ശേഷം തിരിച്ചടവിൽ വീഴ്ച വരുത്തുമ്പോൾ ബാങ്കുകൾ കുടിശ്ശിക തീർപ്പാക്കുന്നതിനായി അവസരം നൽകുകയും അതാതു ബാങ്കുകളുടെ നിയമപ്രകാരവും വായ്പ നയമനുസരിച്ചും ഒറ്റത്തവണ തീർപ്പാക്കൽ |

| | | |
|---|---|---|
| | | പദ്ധതികൾ അനുവദിക്കാറുമുണ്ട്. മേൽ അവസരങ്ങൾ വിനിയോഗിക്കാതെ കുടിശ്ശിക വീണ്ടും നീട്ടിക്കൊണ്ടു പോകുകയും തിരിച്ചടവിനുള്ള സാധ്യത വിരളമാകുകയും ചെയ്യുമ്പോൾ മാത്രമേ സാധാരണ ബാങ്കുകൾ റവന്യൂ റിക്കവറി/ സർഫാസി നിയമപ്രകാരമുള്ള റിക്കവറി നടപടികൾ അവലംബിക്കാറുള്ളൂവെന്നും സർഫാസി നിയമത്തിൽ അനുവദനീയമല്ലാത്ത രീതിയിലുള്ള ഏതെങ്കിലും തരത്തിലുള്ള നടപടികൾ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ സ്വീകരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും സംസ്ഥാനതല ബാങ്കിംഗ് സമിതി അറിയിച്ചിട്ടുണ്ട്. |
| ബി | പ്രകൃതിദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ കർഷകർ എടുത്ത എല്ലാത്തരം വായ്പകൾക്കും സർക്കാർ മൊറട്ടോറിയം പ്രഖ്യാപിച്ചത് ദീർഘിപ്പിക്കാൻ തീരുമാനിച്ചിരുന്നോ; ഇത് പരിഗണിക്കാതെ ചില ബാങ്കുകൾ ജപ്തിനടപടികളുമായി മുന്നോട്ട് പോകുന്നുണ്ടെന്ന വാർത്തകളുടെ അടിസ്ഥാനത്തിൽ അക്കാര്യം പരിശോധിച്ചിരുന്നോ; | പ്രകൃതിദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ കർഷകർ എടുത്ത വായ്പകൾക്ക് 12/10/2018 ലെ സ.ഉ (എം.എസ്) നം.367/2018/റവ. പ്രകാരം ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിരുന്നു. ആയത് 2019 ഡിസംബർ 31 വരെ ദീർഘിപ്പിക്കാൻ 05/03/2019 ലെ മന്ത്രിസഭ യോഗം തീരുമാനിച്ചതനുസരിച്ച് നടപടികൾ കൈക്കൊള്ളാൻ റവന്യൂ വകുപ്പിനോട് 07/03/2019 ലെ സ.ഉ (കൈ) നം.41/2019/കൃഷി പ്രകാരം കൃഷി വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ, ലോകസഭ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പെരുമാറ്റ ചട്ടം നിലവിൽ വന്നതിനാൽ 12/10/2018 ലെ ഉത്തരവിന്റെ തുടർച്ചയായുള്ള ഉത്തരവ് പുറപ്പെടുവിക്കാൻ റവന്യൂ വകുപ്പിന് സാധിച്ചിട്ടില്ല. അതേസമയം 12.10.2018 ലെ ഉത്തരവ് പ്രകാരം പ്രഖ്യാപിച്ച മൊറട്ടോറിയത്തിന്റെ കാലാവധി നിലവിൽ കഴിഞ്ഞിട്ടില്ല. മൊറട്ടോറിയം സംബന്ധിച്ച ഉത്തരവ് പരിഗണിക്കാതെ ബാങ്കുകൾ ജപ്തി നടപടികൾ സ്വീകരിക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി | പ്രകൃതി ദുരന്തത്തിനിരയായ ചെറുകിട കച്ചവടക്കാർക്ക് ഉപജീവനമാർഗ്ഗം വീണ്ടെടുക്കുന്നതിനായി വായ്പാപദ്ധതി ആവിഷ്കരിച്ചിരുന്നോ; വിശദമാക്കുമോ; | 07/09/2018 ലെ സ.ഉ (കൈ) നം.326/2018/റവ. പ്രകാരം പ്രളയത്തിൽ ജീവനോപാധി നഷ്ടപ്പെട്ടവർക്ക് റീസർജന്റ് കേരള ലോൺ സ്കീം (RKLS) എന്ന പേരിൽ കുടുംബശ്രീ മുഖേന 1 ലക്ഷം രൂപവരെയുള്ള വായ്പ പദ്ധതി നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ വായ്പയുടെ 9 % പലിശ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നൽകി വരുന്നു. കൂടാതെ, പ്രളയത്തിൽ മൃഗ സംരക്ഷണ മേഖലയിലും ജീവനോപാധി നഷ്ടപ്പെട്ടവർക്കും, സൂക്ഷ്മ, ചെറുകിട, ഇടത്തര, വാണിജ്യ, വ്യാപാര സ്ഥാപനങ്ങൾ, കർഷകർ, |

| | | |
|---|---|---|
| | | കിസാൻ കാർഡ് ഉടമകൾ, അലങ്കാര പക്ഷി കർഷകർ, തേനീച്ച കർഷകർ എന്നീ വിവിധ മേഖലയിലുള്ള ദുരന്തബാധിതർക്ക് അവരുടെ ഉപജീവനമാർഗ്ഗങ്ങൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി പുനാരാരംഭിക്കുന്നതിന് 17/12/2018 ലെ സ.ഉ (കൈ) നം.27/2018/ഡി.എം.ഡി ഉത്തരവ് പ്രകാരം ഉജ്ജീവന വായ്പ പദ്ധതി എന്ന പേരിൽ ഒരു പദ്ധതിയും ആരംഭിച്ചിട്ടുണ്ട്. |
| ഡി | അഞ്ചു സെന്റിൽ കവിയാതെയുള്ള ഭൂമിയും വീടും ഈട് നൽകിയിട്ടുള്ള കേസുകളിൽ സർഫാസി നിയമം ബാധകമാക്കരുതെന്ന് കേന്ദ്ര സർക്കാരിനോട് സംസ്ഥാന നിയമസഭ ഏകകണ്ഠമായി ആവശ്യപ്പെട്ടതിന്മേൽ എന്തെങ്കിലും നടപടി ഉണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ? | സർഫാസി നിയമത്തിന്റെ പരിധിയിൽ നിന്ന് 5 സെന്റിൽ കവിയാത്ത ഭൂമിയും വീടും ഉള്ളവരെ ഒഴിവാക്കുന്നത് സംബന്ധിച്ച് കേരള നിയമസഭയുടെ 2017 ആഗസ്റ്റ് 21 ലെ പ്രമേയം അനുഭാവപൂർവ്വം പരിഗണിച്ച് സർഫാസി നിയമത്തിലെ 31 -ാം വകുപ്പ് ഭേദഗതി ചെയ്യണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ട് കേന്ദ്ര ധനമന്ത്രാലയത്തിന് 20.11.2017 ന് സംസ്ഥാന സർക്കാർ കത്ത് നൽകിയിരുന്നു. എന്നാൽ ഇക്കാര്യത്തിൽ അനുകൂല മറുപടി കേന്ദ്രസർക്കാരിൽ നിന്നും ഇതുവരെ ലഭിച്ചിട്ടില്ല. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ